**<u>മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം.</u>**

**<u>തിരുവനന്തപുരം</u>**

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം - സാങ്കേതിക വിഭാഗം - കൊല്ലം ജില്ല - കൊല്ലം കോർപ്പറേഷൻ - കൊല്ലം ഈസ്റ്റ് വില്ലേജ് - വാണിജ്യ കെട്ടിടത്തിന് മുകളിൽ കൂട്ടി ചേർക്കൽ - കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം : 1. കേരള വ്യാപാര വ്യവസായ ഏകോപന സമിതി ചെയർമാന്റെ അപേക്ഷ.

2. കൊല്ലം ടൗൺപ്ലാനറുടെ 01/06/19, 07/08/19, 01/11/19 തീയതികളിലെ യഥാക്രമം TCPKLM/440/2019-C, TCPKLM/659/19-C, TCPKLM/840/19-C എന്നീ നമ്പർ കത്തുകൾ.

---

കെട്ടിട നിമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ് നമ്പർ : **TCPCTP/1223/2019- C3** തീയതി : **10/12/2019**

---

കൊല്ലം ജില്ലയിലെ കൊല്ലം കോർപ്പറേഷൻ പരിധിയിലുള്ള കൊല്ലം ഈസ്റ്റ് വില്ലേജിൽ റീ സർവ്വേ നമ്പർ 20/2- ൽ ഉൾപ്പെട്ട സ്ഥലത്ത് 12. 95 ആർ വസ്തുവിൽ നിലവിൽ ഗ്രൗണ്ട്ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയുള്ള കെട്ടിടത്തിന് മുകളിൽ സെക്കന്റ് ഫ്ലോർ വാണിജ്യ ഓഫീസ്, തേർഡ് ഫ്ലോർ - വ്യാപാരഭവൻ, മീറ്റിംഗ് ഹാൾ എന്നിവ നിർമ്മിക്കുന്നതിന് അംഗീകൃത ഡി.ടി.പി സ്കീം പ്രകാരമുള്ള കൺകറൻസ് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ചെയർമാൻ, കൊല്ലം വ്യാപാരഭവൻ, വടയാറ്റുകോട്ട, കൊല്ലം ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ. 1999-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകൃത DTP സ്കീം പ്രകാരമുള്ള ചീഫ് ടൗൺപ്ലാനറുടെ കൺകറൻസ് നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്നു ഉറപ്പു വരുത്തണം.

2. നിലവിലുള്ള കെട്ടിടങ്ങൾ അംഗീകൃതമാണെന്ന് ഉറപ്പു വരുത്തണം.
3. നിർദിഷ്ട നിർമ്മാണം ചുറ്റുപാടുള്ള കെട്ടിടങ്ങളിലെ ഉപയോഗം തടസ്സപ്പെടുത്തുന്ന രീതിയിലാവരുത്.
4. നിർദിഷ്ട നിർമ്മാണം കെ.എം.ബി.ആർ 1999 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസെറ്റ് പ്ലാൻ

**ജയശ്രീ. പി.ആർ,**
ടൗൺ പ്ലാനർ

**ടൗൺപ്ലാനർ**
കൊല്ലം.

പകർപ്പ് : 1) ചെയർമാൻ, കൊല്ലം വ്യാപാര വ്യവസായ ഏകോപന സമിതി വ്യാപാരഭവൻ, വടയാറ്റുകോട്ട ,കൊല്ലം.
2) സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ.
3) വെബ് സൈറ്റ്.
4) കരുതൽ ഫയൽ.
5) അധികം.